**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2584** **14-09-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതുകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര കടം, പൊതു കടം എന്നിവ എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2023 മാർച്ച് 31 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര കടം, പൊതു കടം എന്നിവ യഥാക്രമം 226653.24 കോടി രൂപയും, 237517.14 കോടി രൂപയുമാണ്. |
| (ബി) | കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും, മുൻകൂറുകളും ഇനത്തിൽ എത്ര തുകയാണ് കടമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2023 മാർച്ച് 31 വരെ കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും ഇനത്തിൽ 10863.90 കോടി രൂപയാണ് സംസ്ഥാനത്തിന്റെ കടമായിട്ടുള്ളത്. |
| (സി) | 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ പൊതു കടം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | 2016-17 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 125882.86 കോടി രൂപയായിരുന്നു. |
| (ഡി) | സംസ്ഥാനത്തിന്റെ പൊതുകടവും, കിഫ്ബി, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയ സർക്കാർ ഗ്യാരണ്ടികളിൽ എടുത്ത കടവും ചേർത്ത് എത്ര രൂപയാണ് ആകെ കടം എന്ന് അറിയിക്കുമോ? | (ഡി) | സംസ്ഥാനത്തിന്റെ ആകെ പൊതു കടം 237517.14 കോടി രൂപയാണ്. ഫിനാൻസ് അക്കൗണ്ട്സ് പ്രകാരം 2021-22 സാമ്പത്തിക വർഷാവസാനം വരെ സംസ്ഥാന സർക്കാർ 44369.85 കോടി രൂപയ്ക്ക് വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗ്യാരണ്ടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ